തുക നാഷണൽ ഇൻഷ്വറൻസ് കമ്പനിക്ക് മുൻകൂറായി നൽകി. ഇപ്രകാരം മുൻകൂറായി അടച്ച 92.52 ലക്ഷം രൂപ പിന്നീട് മത്സ്യത്തൊഴിലാളികളിൽ നിന്നും തിരിച്ചടവിന്റെ ഒപ്പം പിരിച്ചെടുത്തു. 2000-2001-ൽ വിതരണം ചെയ്ത ഉപകരണങ്ങൾക്കു ഇൻഷ്വറൻസ് പ്രീമിയം തുകയായി 46.66 ലക്ഷം രൂപ പിരിച്ചെടുത്ത് നാഷണൽ ഇൻഷ്വറൻസ് കമ്പനിയിൽ അടച്ചു.

2002-2003 വർഷം വിതരണം ചെയ്ത ഉപകരണങ്ങൾക്കുള്ള സുരക്ഷാ സ്കീമിലേക്ക് തൊഴിലാളികളിൽ നിന്നും 20,78,548 രൂപയും പിരിച്ചെടുക്കുകയുണ്ടായി.

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് നൽകിവരുന്ന സ്റ്റൈപ്പന്റ്

64 (1752) ശ്രീമതി മേഴ്സി രവി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. വർക്കല കഹാർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസത്തിന് ഇപ്പോൾ നൽകുന്ന സ്റ്റൈപ്പന്റ് തുക എത്രയാണ് ;

(ബി) ഈ തുക നിശ്ചയിച്ചതെന്നാണ് ;

(സി) ഇത് വർദ്ധിപ്പിക്കുവാൻ നടപടിയെടുക്കുമോ ;

(ഡി) എത്ര മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസത്തിന് ഇപ്പോൾ സ്റ്റൈപ്പന്റ് ലഭിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 12-1-2001-ലെ സർക്കാർ ഉത്തരവു നമ്പർ 4/01/പജാ.പ.വ.വിവ പ്രകാരമുള്ള നിരക്കനുസരിച്ചാണ് മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് സ്റ്റൈപ്പൻഡ് നൽകിവരുന്നത്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) 12-1-2001-ൽ

(സി) തൽക്കാലം പരിഗണനയിലില്ല.

(ഡി) മൊത്തം ഒരു ലക്ഷത്തോളം വിദ്യാർത്ഥികൾക്ക് ഫിഷറീസ് വകുപ്പിൽ നിന്ന് സ്റ്റൈപൻഡ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly